# നമ്മുടെ ദാസേട്ടന്റെ ജന്മദിനം

## ഫാദർ ജോൺ പിച്ചാപ്പിള്ളി

ആത്മബന്ധത്തിനു പലപ്പോഴും അപ്രതീക്ഷിത തുടക്കമാണല്ലോ ഉണ്ടാവുക. അതു തന്നെയാണ് എന്റെയും ദാസേട്ടന്റെയും സൗഹൃദത്തിനു പിന്നിലും ഉണ്ടായത്. തിരുപാഥേയം എന്ന ഭക്തിഗാന ആൽബത്തിനുവേണ്ടിയാണ് 2006ൽ കാനഡയിൽ നിന്നു ഞാൻ ദാസേട്ടനെ ടെലഫോൺ വഴി സമീപിച്ചത്. ഒരു പാട്ടെങ്കിലും പാടിത്തരുമോ എന്നാരായുകയായിരുന്നു എന്റെ അനുജൻ പയസിന്റെയും സംഗീത സംവിധായകൻ കെ.ജി.പീറ്ററിന്റെയും എന്റെയും ലക്ഷ്യം. എന്റെ ആഗ്രഹം കേട്ടു ദാസേട്ടൻ ചോദിച്ചു പാട്ടുകളുടെ ട്രാക്ക് റിക്കോർഡിംഗ് കഴിഞ്ഞോ എന്ന്. ഒന്നുരണ്ടു ദിവസത്തിനുള്ളിൽ തീരുമെന്നു ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം ആവശ്യപ്പെട്ടു, പിറ്റേ ശനിയാഴ്ച പാട്ടുകളും കൊണ്ട് ചെന്നൈയിൽ ചെന്ന് അദ്ദേഹത്തെ കാണാൻ പീറ്ററിനോട് പറയുവാൻ.

റിക്കോർഡ് ചെയ്ത പാട്ടുകളുടെ ട്രാക്ക് ദാസേട്ടൻ ഒന്നുരണ്ടാവർത്തി സശ്രദ്ധം കേട്ടു. ഫലമോ ആ ആൽബത്തിലെ പത്തു പാട്ടും അദ്ദേഹം തന്നെ പാടുകയും, തരംഗ്ണിയിലൂടെ അവ പുറത്തുവരുകയും ചെയ്തു.

ആ തുടക്കവും ബന്ധവും ഞങ്ങൾ തുടർന്നൊരുക്കിയ സ്വസ്തി (സംഗീതം കെ.ജി.പീറ്റർ), ദിവ്യാഞ്ജലി (സംഗീതം കെ.ജി.പീറ്റർ), ദിവ്യാനുഭൂതി (സംഗീതം ജെർസൺ ആന്റണി), ആത്മധ്യാനം (സംഗീതം ബേണി ഇഗ്നേഷ്യസ്) ആത്മദീപ്തി (സംഗീതം ശ്യാം), കുരിശിലെ വചനങ്ങൾ (സംഗീതം കെ.ജി.പീറ്റർ), എന്നീ ആറ് ആൽബങ്ങളിൽ കൂടിയെത്തി. അങ്ങനെ അദ്ദേഹം ഞാൻ രചിച്ച ഏഴ് ആൽബങ്ങളിലെ അറുപത്തി മൂന്നു ഗാനങ്ങളെ അനശ്വരങ്ങളാക്കി. അഞ്ചുഗാനങ്ങൾ വിജയും പാടി മനോഹരമാക്കി. ഇതോടൊപ്പം വ്യക്തിപരമായി ഞങ്ങളും കുടുംബങ്ങളും അടുത്തു. എല്ലാവരെയും സ്നേഹപൂർവം അന്വേഷിക്കുന്നതോടൊപ്പം ഉപരിപഠനത്തിനായി



# നമ്മുടെ ദാസേട്ടന്റെ ജന്മദിനം ഫാദർ ജോൺ പിച്ചാപ്പിള്ളി

വിദേശത്തായിരുന്ന എന്റെ മരുമകൾ പമ്മുവിന്റെ പഠനകാര്യങ്ങളെപ്പറ്റി വളരെ കരുതലോടെ ദാസേട്ടനും പ്രഭച്ചേച്ചിയും അന്വേഷിക്കുകയും പമ്മുമോൾ അവരുമായി നിരന്തരം സമ്പർക്കം തുടരുകയും ചെയ്യുന്നത് ഞാനിവിടെ ഓർമ്മിക്കുന്നു.

ദാസേട്ടൻ ജാതിമതഭാഷാഭേദമെന്യേ ആയിരക്കണക്കിനു ഭക്തിഗാനങ്ങൾ പാടിയിട്ടുണ്ടെന്നു നമുക്കറിയാം. പക്ഷേ, ദാസേട്ടന്റെ ആത്മീയ വീക്ഷണം ഏതെങ്കിലും ഒരു പ്രത്യേക ചട്ടക്കൂടിനുള്ളിലൊതുങ്ങുന്നതല്ലെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. സമത്വവും സമവീക്ഷണവും സഹോദരത്വവും അദ്ദേഹത്തിന്റെ ദർശനങ്ങളാണ്. അവയെപ്പറ്റി അദ്ദേഹം പ്രവാചകശബ്ദത്തിൽ പാടുകയും പറയുകയും ചെയ്യുന്നു. അദ്ദേഹം സംഗീതസപര്യ ആരംഭിച്ചതു തന്നെ സർവരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്.... എന്നു പാടിക്കൊണ്ടാണല്ലോ. സത്യമെവിടെ, സൗന്ദര്യമെവിടെ, സ്വാതന്ത്ര്യമെവിടെ, നമ്മുടെ രക്തബന്ധങ്ങളെവിടെ, നിത്യ സ്നേഹങ്ങൾ എവിടെ, എന്നു പാടുമ്പോൾ വേദിയിൽ അദ്ദേഹം വിതുമ്പുന്നതും നമ്മൾ കണ്ടിട്ടുണ്ട്.

എല്ലാവർക്കും വേണ്ടിയുള്ള പാട്ടുകളെ ദാസേട്ടൻ താത്പര്യത്തോടെ കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ രചനയിലെ ആലയം ദേവാലയം എന്ന ഗാനത്തിന്റെ റിക്കോർഡിംഗ് കഴിഞ്ഞ് ടെലഫോണിൽ സംസാരിക്കുമ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു. ദൈവത്തിനു പക്ഷപാതമില്ല, ദൈവത്തിനു മുഖം നോട്ടമില്ല എന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ടെന്ന്. അതുപോലെ അന്ധത നീക്കുന്ന ഗുരുവേ... എന്ന ഗാനത്തിന്റെ ഉപസംഹാരത്തിൽ അതിശയാവഹമായ ക്രിയാത്മകതയോടെ അദ്ദേഹം ആ ഗാനത്തിലെ നൽകുക നാഥാ വെളിച്ചം സത്യാസത്യങ്ങൾ തിരിച്ചറിയാൻ, നിത്യാനിത്യങ്ങൾ കണ്ടറിയാൻ എന്ന ഭാഗം പശ്ചാത്തല സംഗീതത്തിനൊത്ത് കാവ്യാത്മകമായി ഉരുവിട്ടുനിർത്തിയതും നമ്മൾ ഉൾക്കൊള്ളേണ്ട ചില സത്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതിനുവേണ്ടിയാണ്. എന്റെ മറ്റൊരു ഗാനത്തിലെ വഴിമാറി ഒഴുകിയാലും അണയുന്നതൊരിടത്ത്, വിളിക്കുന്നതാരായാലും കേൾക്കുന്നതൊരു ദൈവം... എന്ന കാര്യം എല്ലാരും ഉൾക്കൊണ്ടിരുന്നെങ്കിൽ എന്ന് പലപ്രാവശ്യം അദ്ദേഹം എന്നോടു സൂചിപ്പിച്ചിട്ടുണ്ട്. ദൈവമേ എന്നെ നിൻ സമാധാനത്തിൻ ദൂതനായ് സദയം മാറ്റേണമേ... എന്ന ഗാനം ചിത്രീകരിക്കുന്നതിനെക്കുറിച്ചും കുറച്ചുനാൾ മുമ്പ് അദ്ദേഹം എന്നോട് സൂചിപ്പിക്കുകയുണ്ടായി.

ലോകമെമ്പാടുമുള്ള മലയാളികളും സംഗീതപ്രേമികളും ഒരുപോലെ തിരിച്ചറിയുന്ന നിത്യഹരിതമായ ഒരേയൊരു ശബ്ദം ദാസേട്ടന്റേതാണ്. എന്റെ സുഹൃത്തും എഴുത്തുകാരനുമായ ബിനോയി സെബാസ്റ്റ്യൻ പറയും പോലെ ദക്ഷിണേന്ത്യൻ സംഗീതത്തെ രണ്ടുകാലഘട്ടങ്ങളിലായി വിഭജിക്കുന്ന ഒരു നാമമാണ് യേശുദാസ്. അത്രമാത്രം അദ്ദേഹം നമ്മുടെ സംഗീതശാഖകളെയെല്ലാം സ്വാധീനിച്ചിട്ടുണ്ട്, വളർത്തിയിട്ടുണ്ട്. ഏതുതരം ഗാനമായാലും വരികളുടെയും അതിനു നൽകിയിരിക്കുന്ന സംഗീതത്തിന്റെയും അന്തസ്സത്ത നമുക്കു ചിന്തിക്കാവുന്നതിലപ്പുറം പൂർണതയോടെ ധ്വനിപ്പിക്കാനുള്ള അനന്യവും അപാരവുമായ സിദ്ധി ലോകോത്തര നാദത്തിനുടമയായ ദാസേട്ടനുണ്ട്.

# നമ്മുടെ ദാസേട്ടന്റെ ജന്മദിനം

## ഫാദർ ജോൺ പിച്ചാപ്പിള്ളി

തലമുറകൾ ഹൃദയത്തിലേറ്റുവാങ്ങിയ സുവർണ്ണനാദത്തിലൂടെ അദ്ദേഹം മെനഞ്ഞെടുത്ത ആത്മീയഗാനങ്ങളും അവയിൽ തുളുമ്പുന്ന ഭക്തിരസവും നിത്യേന അനുഭവിക്കുന്നതാണല്ലോ. ഇന്ത്യൻ സംഗീതത്തിലെ അനശ്വരമായ ഭക്തിപ്രവാഹമാണ് അദ്ദേഹമെന്നു പറയുന്നതിൽ ഒരു അതിശയോക്തിയുമില്ല. ചലച്ചിത്രഗാനത്തെയും ശാസ്ത്രീയ സംഗീതത്തെയുമെന്നതുപോലെ ഭക്തിഗാനശാഖയെയും മുഖ്യധാരയിലേക്കു കൊണ്ടുവന്നതിനും ജനപ്രിയമാക്കിയതിനും അദ്ദേഹം വഹിച്ച പങ്ക് നിസ്സീമമാണ്. ഒരു മഹാ സംഗീതജ്ഞനെന്നതുപോലെ ദാസേട്ടൻ അനുകരണാർഹങ്ങളായ വ്യക്തി ജീവിതവും കുടുംബജീവിതവും സമാനതകളില്ലാത്ത സ്വഭാവ സവിശേഷതകളുമുള്ള ഒരു വ്യക്തിയുമാണ്. ദാസേട്ടന്റെ അനന്യസാധാരണമായ സംഗീത തപസ്സ്, അർപ്പണബോധം, അശ്രാന്തപരിശ്രമം, ലാളിത്യമാർന്നവ്യക്തിത്വം, ആതിഥേയത്വം, അനുഭവജ്ഞാനം എന്നിവയെല്ലാം നമുക്ക് പ്രചോദനം തന്നുകൊണ്ടിരിക്കുന്നു.

എല്ലാ ഭക്തിഗാനശാഖകൾക്കും ദാസേട്ടൻ നൽകിയ അമൂല്യ സംഭാവനകൾക്ക് നന്ദി പറയുന്നു. ഇനിയും ഒരുപാട് അവിസ്മരണീയമായ ഭക്തിഗാനങ്ങൾ നമുക്കു പ്രദാനം ചെയ്യാൻ അദ്ദേഹത്തിനു കഴിയട്ടെയെന്ന് ആശിക്കുന്നു. എൻപതാം പിറന്നാളിൽ ദാസേട്ടന് ആയുരാരോഗ്യസൗഖ്യം ആശംസിച്ചു പ്രാർത്ഥിക്കുന്നു.




പയസ് പിച്ചാപ്പിള്ളിയും ഭാര്യ മേഴ്സിയും ചേർന്ന് മാതൃകാദമ്പതികളായ ദാസേട്ടനെയും പ്രഭച്ചേച്ചിയെയും പൊന്നാട അണിയിച്ച് ആദരിക്കുന്നു.